# അനുജാ മാപ്പ്

ബാബു പാറയ്ക്കൽ

ഷീല രാവിലെ ജോലിക്കു പോകാൻ ഇറങ്ങി. കതകു പൂട്ടിയിട്ട് കാറിനടുത്തേക്കു നടക്കുമ്പോൾ വേലിക്കപ്പുറത്തുനിന്ന് ചാക്കോച്ചൻ ചോദിച്ചു,

“ഷീലമോളെ, നിന്റപ്പനെങ്ങനെയുണ്ട്?”

ഷീല അയാളുടെ മുഖത്തേക്കു രൂക്ഷമായി നോക്കിയതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല.

ചാക്കോച്ചൻ വേലിക്കിപ്പുറത്തേക്കു നടന്നുവന്നിട്ടു വീണ്ടും ചോദിച്ചു,

“മോളേ ചെറിയാച്ചനെങ്ങനെയുണ്ട്?”

“വേലിക്കപ്പുറത്തു നിന്നാൽ മതി. ഇപ്പുറത്തു കയറിയുള്ള കളിയൊന്നും വേണ്ട”. ഷീലയുടെ മുഖം ചുവന്നു.

“ചെറിയാച്ചന് അല്പം കൂടുതലാണെന്നു കേട്ടു. ഇന്നലെ രാത്രി ഞാൻ ഉറങ്ങിയിട്ടില്ല”.

“എന്താ ഇപ്പം ഇങ്ങനെയൊന്നു തോന്നാൻ?” ഷീല നടന്നുചെന്നു കാറിൽ കയറി.

ചാക്കോച്ചൻ മറുപടിയൊന്നും പറഞ്ഞില്ല. അയാൾ വേലിയിൽ ചാരി അവിടെത്തന്നെ നിന്നു.

ഷീല കാറിൽ കയറിയിട്ട് ഉടൻതന്നെ അമ്മയെ വിളിച്ചു.

“എന്താ മോളേ, നീ ഹോസ്പിറ്റലിൽ ചെന്നോ? വിവരം വല്ലതും കിട്ടിയോ?”

“ഇല്ലമ്മേ, ഞാൻ അങ്ങോട്ടു പോകുന്നതേയുള്ളു. ഞാൻ വിളിച്ചതു വേറെ ഒരു കാര്യം പറയാനാണ്.”

“അതെന്തവാ?”

“വേലിക്കപ്പുറത്തുനിന്നും ചാക്കോച്ചായൻ ചോദിക്കുവാ ഡാഡിക്കെങ്ങനെയുണ്ടെന്ന്?”

“നിനക്കു മുഖത്തു നോക്കി ഒരാട്ടു വെച്ചുകൊടുക്കാൻ മേലാരുന്നോ? ഒരു കാര്യം തെരക്കാൻ വന്നിരിക്കുന്നു! നീ ആശുപത്രിയിൽ ചെന്നിട്ടു വിളിക്കു മോളേ.”

“ഉം”. ഷീല മൂളിക്കൊണ്ടു ഫോൺ വച്ചു. ജോലി ചെയ്യുന്ന ആശുപത്രിയിലേക്ക് 5 മിനിറ്റ് ഡ്രൈവു മാത്രമേയുള്ളു.

കാർ പാർക്കു ചെയ്തിട്ടു വാർഡിലേക്കു നടന്നു. ഈ മഹാമാരിയുടെ സമയത്ത് എത്രയോ പേരെ തന്റെ സേവനം സഹായിച്ചിരിക്കുന്നു. നേഴ്സായി ജോലി ചെയ്യുന്നതിൽ അവൾക്കഭിമാനം തോന്നി. എലിവേറ്ററിലേക്കു കയറിയപ്പോൾ ഡോക്ടർ കെവിൻ അവിടെ നിൽക്കുന്നു. മലയാളിയായ ഡോക്ടർ കെവിൻ കോവിഡ് രോഗികളെ ചികിത്സിക്കുന്ന തിരക്കിലാണ്.

ആരും അധികം സമയം ചെലവഴിക്കാൻ മടിക്കുന്ന ആ വാർഡിൽ കോവിഡ് ബാധിച്ച് ഗുരുതരാവസ്ഥയിലുള്ള രോഗികളാണു മുഴുവൻ. അവിടെ ആ രോഗികളെ മുഴുവൻസമയം ഓടിനടന്നു ശുശ്രൂഷിക്കുവാൻ അദ്ദേഹത്തിന് ഒരു മടിയുമില്ല. യുവത്വത്തിന്റെ പ്രസരിപ്പു തുളുമ്പിനിന്ന ആ മുഖത്ത് ക്ഷീണത്തിന്റെ ലാഞ്ചന നല്ലതുപോലെയുണ്ടായിരുന്നു. മുഖത്തു ധരിച്ചിരുന്ന മാസ്കിനു മുകളിൽ കൺപോളകൾ കനംതൂങ്ങി നിൽക്കുന്നതു ഷീല ശ്രദ്ധിച്ചു.

“ഗുഡ്മോർണിംഗ് ഡോക്ടർ.”

“ഗുഡ്മോർണിംഗ്.”

“എന്താ രാത്രി മുഴുവൻ ബിസി ആയിരുന്നോ?”

“ഭയങ്കരം! പുതിയ 15 പേഷ്യന്റ്സ്! രാത്രിയിൽതന്നെ 5 ഫെറ്റാലിറ്റി.”

“ഓ, മൈ ഗോഡ്.”

“ഷീലയുടെ ഡാഡിക്കിപ്പോൾ എങ്ങനെയുണ്ട്? ഇന്നലെ ഒന്നു വിസിറ്റു ചെയ്യാൻ പറ്റിയില്ല. ഐ.സി.യുവിൽതന്നെയല്ലേ? ഏതായാലും ഒത്തിരി ഭേദമായല്ലോ.”

“ഇന്നലെ വൈകിട്ടു കയറി കണ്ടിട്ടാണ് ഞാൻ വീട്ടിൽ പോയത്. എപ്പോഴും അവിടെ കയറാനും പറ്റില്ലല്ലോ. ഇപ്പോൾ തന്നെ ശ്വസിക്കുന്നുണ്ട്. അല്പമൊക്കെ സംസാരിക്കയും ചെയ്യും.”

“റൂമിൽ പോയി ഒരു രണ്ടു മണിക്കൂർ ഒന്നു മയങ്ങിയിട്ടു ഞാൻ തിരിച്ചുവരാം. അതു കഴിഞ്ഞ് ഞാൻ പോയി കണ്ടോളാം.”

“ശരി ഡോക്ടർ.” ഷീല ഇറങ്ങി വാർഡിലേക്കു പോയി.

ഡ്യൂട്ടി റൂമിൽ ചെന്നപ്പോൾ തന്നെ ഐ.സി.യുവിലേക്കു വിളിച്ച് അപ്പന്റെ കാര്യങ്ങൾ തിരക്കി. ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ഷൈലയാണു സംസാരിച്ചത്.

“ഒരാഴ്ചയിൽ കൂടുതൽ വെന്റിലേറ്ററിൽ കിടന്നതല്ലേ! അതിന്റെ ക്ഷീണം മാറണമെങ്കിൽ കുറച്ചു ദിവസമെടുക്കും. ഇപ്പോൾ വളരെ ഭേദമായിട്ടുണ്ട്. രണ്ടുമൂന്നു ദിവസങ്ങൾകൂടി കഴിഞ്ഞാൽ വീട്ടിൽ പോകാമായിരിക്കും. ഡ്യൂട്ടി കഴിഞ്ഞ് പോകാൻ നേരത്ത് ഇതുവഴി വന്നു കണ്ടിട്ടു പൊയ്ക്കൊളു. ഇപ്പോൾ വിസിറ്റിംഗ് അനുവദിക്കുന്നില്ലെന്നറിയാമല്ലോ. കോവിഡ് റെഗുലേഷൻ ഇപ്പോൾ കർശനമാണെന്നു ഷീലയോടു പറയേണ്ടതില്ലല്ലോ.”

“ശരി. ആയിക്കൊള്ളട്ടെ.”

ഷീല പെട്ടെന്നുതന്നെ അമ്മയെ വിളിച്ചു ഡോക്ടർ പറഞ്ഞ കാര്യങ്ങൾ വിശദീകരിച്ചു. രണ്ടു മൂന്നു ദിവസങ്ങൾക്കുള്ളിൽ വീട്ടിൽ പോകാമെന്നു കേട്ടപ്പോൾ അവർക്ക് അതിയായ സന്തോഷം തോന്നി. അവർ ലിവിംഗ്റൂമിൽ വന്നിരുന്ന് പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥനയ്ക്കു വിഘ്നംവരുത്തിക്കൊണ്ട് ആരോ ഡോർബെല്ലടിച്ചു. അവർ ചെന്നു കതകു തുറന്നു. ചാക്കോച്ചായൻ!

“ലീലാമ്മേ ചെറിയാച്ചനെങ്ങനെയുണ്ട്?”

“ചത്തിട്ടില്ല.”

“അങ്ങനെ പറയല്ലേ, അവനു കോവിഡായിട്ട് ആശുപത്രിയിൽ വെന്റിലേറ്ററിലാണെന്നറിഞ്ഞപ്പോൾ മുതൽ ഞാൻ ഉറങ്ങീട്ടില്ല.”

“ഹോ, എന്താണപ്പോ ഇപ്പം അങ്ങനെയൊക്കെ തോന്നാൻ?”

“എത്രയായാലും അവൻ എന്റെ സഹോദരനല്ലേടീ.”

“ആണോ? എന്റെ വായിലിരിക്കുന്നതൊന്നും കേൾക്കണ്ടെങ്കിൽ പൊയ്ക്കോ.” ലീലാമ്മ വാതിൽ വലിച്ചടച്ചു.

ചാക്കോച്ചൻ പിൻവാങ്ങി വേലിക്കപ്പുറത്തേക്കു പോയി.

ലീലാമ്മ സോഫായിൽ വന്നിരുന്നു. എന്തുപറ്റി ദൈവമേ, ചാക്കോച്ചായന് ഇങ്ങനെയൊരു മാനസാന്തരമുണ്ടാകാൻ? മുറിയുടെ സീലിംഗിൽ മിഴികൾ നട്ട് ഇരുന്നപ്പോൾ ഓർമ്മകൾ അനേക വർഷങ്ങൾ പുറകോട്ടു പോയി. ചാക്കോച്ചായൻ ഇന്ത്യൻ ആർമിയിൽ പട്ടാളക്കാരനായിരുന്നു. ഒരിക്കൽ അവധിക്കു നാട്ടിലേക്കു വന്നപ്പോൾ ട്രെയിനിൽവച്ചു പരിചയപ്പെട്ട ഒരു നേഴ്സിനെയാണു പിന്നീടു വിവാഹം കഴിച്ചത്. അവളുടെ ഒരു കൂട്ടുകാരി അവളെ അമേരിക്കയ്ക്കു കൊണ്ടുവരാൻ സഹായിച്ചപ്പോൾ ആ കൂട്ടത്തിൽ ചാക്കോച്ചായനും ഇവിടെ വന്നു. അന്ന് അനുജൻ ചെറിയാച്ചൻ ഡിഗ്രിക്കു പഠിക്കുന്നതേയുള്ളു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ചാക്കോച്ചായൻ പറഞ്ഞു, “എടാ ചെറിയാനേ, നീ ഏതായാലും പണിയൊന്നുമില്ലാതെ അവിടെ തെക്കുവടക്കു നടക്കുകയല്ലേ, നിന്നെ എങ്ങനെയെങ്കിലും ഇവിടെ കൊണ്ടുവരാമോന്നു നോക്കട്ടെ.”

ചെറിയാനും അപ്പച്ചനും അമ്മച്ചിക്കുമൊക്കെ സന്തോഷമായി. ഇമിഗ്രേഷന്റെ ആവശ്യത്തിനെന്നു പറഞ്ഞ് ചാക്കോച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് മെഡിക്കൽ ടെസ്റ്റു നടത്തി. പ്രത്യേകമായി പല ബ്ലഡ് ടെസ്റ്റുകളും

നടത്തി. അതിന്റെയെല്ലാം റിപ്പോർട്ടുകളൊക്കെ കൃത്യമായി അയച്ചുകൊടുത്തു. താമസിയാതെതന്നെ ചെറിയാച്ചന് ചേട്ടൻ ചാക്കോച്ചന്റെ സ്പോൺസർഷിപ്പിൽ വിസ ലഭിച്ച് അമേരിക്കയിൽ എത്താൻ സാധിച്ചു.

അമേരിക്കയിൽ വന്നുകഴിഞ്ഞപ്പോൾ ചെറിയാനെ ചേട്ടനും ചേട്ടത്തിയും വളരെ സ്നേഹിച്ചു. ഗ്രീൻ കാർഡിന്റെ ആവശ്യത്തിലേക്കാണെന്നു പറഞ്ഞ് ആശുപത്രിയിൽ കൊണ്ടുപോയി മൂന്നു നാലു ബ്ലഡ് ടെസ്റ്റുകളും ഫുൾ ഫിസിക്കൽ ചെക്കപ്പും നടത്തി. ചേട്ടത്തി നേഴ്സ് ആയിരുന്നെങ്കിലും രണ്ടു മൂന്നു മാസമായി ജോലിക്കു പോകുന്നില്ല. എന്തോ അസുഖമാണത്രെ!

ഒരു ദിവസം ചേട്ടൻ അനുജനെ വിളിച്ചു അടുത്തിരുത്തിയിട്ടു പറഞ്ഞു, "മോനേ, നിന്റെ ഒരു സഹായം എനിക്കു വേണം."

"എന്റെ സഹായം ചാക്കോച്ചായനോ? എന്തു സഹായം?" ചെറിയാൻ അത്ഭുതത്തോടെ ചോദിച്ചു. അപ്പോഴാണ് ചേട്ടൻ കാര്യങ്ങൾ വിശദീകരിച്ചത്.

"ചേട്ടത്തിയുടെ കിഡ്നികൾ തകരാറിലാണ്. മാസങ്ങളായി ഡയാലിസിസ് നടത്തിവരികയാണ്. കിഡ്നി മാറ്റിവയ്ക്കാതെ മാർഗ്ഗമില്ലെന്നു ഡോക്ടർ പറഞ്ഞപ്പോൾ മുതൽ ഒരു ദാതാവിനെ തപ്പിക്കൊണ്ടിരിക്കയാണ്. കിട്ടിയില്ല. എന്നാൽ ഭാഗ്യത്തിന് ചെറിയാന്റെ കിഡ്നി പെർഫെക്ട് മാച്ച് ആണ്. വീണ്ടും വീണ്ടും നടത്തിയ ടെസ്റ്റുകൾകൊണ്ട് അതു സ്ഥിരീകരിച്ചിരിക്കുന്നു. അതുകൊണ്ട് ചേട്ടത്തിയുടെ ജീവൻ നിലനിർത്താൻ അനുജന്റെ നല്ല മനസ്സുണ്ടാകണം."

ചെറിയാൻ കാര്യങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ സ്തബ്ധനായി ഇരുന്നുപോയി. തുടർന്ന് ചെറിയാനെ ചാക്കോച്ചൻ പരിചയമുള്ള ഒരു മലയാളി ഡോക്ടറുടെ അടുത്തു കൊണ്ടുപോയി. അദ്ദേഹം വളരെ കാര്യമായി വിശദീകരിച്ചു. ഒരു കിഡ്നി കൊടുക്കുന്നതുകൊണ്ട് യാതൊരുവിധ ആരോഗ്യപ്രശ്നങ്ങളുമുണ്ടാകില്ല. ഓപ്പറേഷൻ കഴിഞ്ഞാൽ കുറച്ചു നാൾ വിശ്രമിക്കുക. പിന്നെ എല്ലാം സാധാരണപോലെ! ആ കൗൺസിലിംഗ് ചെറിയാനെ ദാതാവാകാൻ തയ്യാറാക്കി.

ശസ്ത്രക്രിയ കഴിഞ്ഞ് ഏതാനും ആഴ്ചകളിൽ ചെറിയാൻ പൂർണ്ണ ആരോഗ്യം വീണ്ടെടുത്തു. ചേട്ടത്തി മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ ആരോഗ്യവതിയായി ജോലിയിൽ പ്രവേശിച്ചു.

രണ്ടു വർഷങ്ങൾ കഴിഞ്ഞപ്പോൾ ചെറിയാൻ നാട്ടിലെത്തി. ആ അവധിയിൽ വിവാഹം നടത്തണമെന്ന് ഉദ്ദേശമുണ്ടായിരുന്നതിനാൽ ചേട്ടനും ചേട്ടത്തിയും ചെറിയാനോടൊപ്പം നാട്ടിൽ വന്നു. പലയിടത്തും പെണ്ണുകണ്ടു നടന്നതിനുശേഷമാണ് തന്നെ കാണാനെത്തിയത്. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. നേഴ്സ് ആയിരിക്കണം എന്നതു മാത്രമായിരുന്നു ഡിമാന്റ്. വിവാഹം കഴിഞ്ഞ് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ചെറിയാൻ തിരിച്ചുപോന്നു. ഏതാണ്ട് ഒരു വർഷമെടുത്തു തനിക്ക് ഭർത്താവിനൊപ്പം എത്തുവാൻ. പെട്ടെന്നുതന്നെ തനിക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിച്ചു. ചേട്ടനും ചേട്ടത്തിയും വളരെ കാര്യമായിട്ടാണ് തന്നോടു പെരുമാറിയത്. ഒരിക്കൽ ചേട്ടന്റെ തൊട്ടടുത്തുള്ള വീട് വിൽപ്പനയ്ക്കുവന്നപ്പോൾ തങ്ങൾ അതു വാങ്ങി.

ചെറിയാൻ ചേട്ടത്തിക്ക് കിഡ്നി കൊടുത്ത കാര്യം ഒരിക്കലും ആരും തന്നോടു പറഞ്ഞിരുന്നില്ല. ചെറിയാന്റെ ദേഹത്ത് ആ ശസ്ത്രക്രിയ ഉണ്ടാക്കിയ വലിയ പാട് തന്നിൽനിന്നും മറച്ചുവയ്ക്കാൻ അദ്ദേഹം എപ്പോഴും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ എന്തോ ഭാരം ഉയർത്തിയതിനെ തുടർന്ന് നടുവേദനയുണ്ടായി. അല്പം 'ബെൻഗേ' എടുത്തു താൻ പുരട്ടിക്കൊടുത്തപ്പോഴാണ് ആ വലിയ പാടു കാണുന്നത്. അരയ്ക്കു മുകളിലായി ഒരു വശത്ത് ഏതാണ്ട് ആറിഞ്ച് നീളത്തിൽ ഒരു വലിയ പാട്! അതെന്താണെന്നു താൻ ചോദിച്ചു. ഏതോ മരത്തിന്റെ കൊമ്പു കൊണ്ടുണ്ടായ മുറിവ് തുന്നിക്കെട്ടിയതാണെന്നു പറഞ്ഞു. പക്ഷേ, താൻ വിശ്വസിച്ചില്ല. അതു കിഡ്നിയുടെ സർജറിയാണെന്നു തനിക്കു നല്ല സംശയമുണ്ടായി. കൂടുതൽ പൊരുത്തപ്പെടാത്ത ഉത്തരങ്ങൾ ചെറിയാനിൽനിന്നും വന്നപ്പോൾ നാളെ ആശുപത്രിയിൽ പോയി എക്സ്റേ എടുക്കണം, അത് തന്റെ ആവശ്യമാണെന്നു പറഞ്ഞു.

അല്പം കഴിഞ്ഞപ്പോൾ ചെറിയാൻ തന്നിൽനിന്നും മറച്ചുവച്ച ആ സത്യം ഒരു ക്ഷമാപണത്തോടെ പറഞ്ഞു. താൻ ചിന്താധീനയായി. എന്തുകൊണ്ടു ആ കാര്യം കല്യാണത്തിനു മുമ്പ് തന്നോടു പറഞ്ഞില്ലെന്നു ചോദിച്ചപ്പോൾ ചേട്ടനും ചേട്ടത്തിയും നിർബന്ധിച്ചതുകൊണ്ടാണ് താൻ അക്കാര്യം മറച്ചുവച്ചതെന്നു പറഞ്ഞു.

“ഒരിക്കലും ഇക്കാര്യം ലീലാമ്മ അറിയരുത് എന്നാണു ചേട്ടത്തി പറഞ്ഞത്. ചെറിയാൻ ക്ഷമാപണം ആവർത്തിച്ചെങ്കിലും അവിശ്വസ്തതയുടെ കാർമേഘപടലങ്ങൾ ഹ്രസ്വമായ ദാമ്പത്യത്തിൽ വിള്ളലുണ്ടാക്കി. രണ്ടു പേരും രണ്ടു മുറിയിലായി കിടപ്പുപോലും. താൻ വിവാഹമോചനത്തെപ്പറ്റിപോലും ചിന്തിച്ചു. പക്ഷെ, അങ്ങനെയൊരു സാഹചര്യത്തിൽ നാട്ടിലേക്കൊരു മടക്കം തനിക്കു ചിന്തിക്കാൻപോലും ആകുമായിരുന്നില്ല. ദാരിദ്ര്യത്തിൽനിന്നും കരകയറാൻ തന്റെ ഇളയ സഹോദരങ്ങൾക്ക് ആകെയുള്ള ഒരു പിടിവള്ളി താൻ മാത്രമായിരുന്നു. അതിലുപരി ചെറിയാച്ചനോടുള്ള സഹാനുഭൂതിയും. തന്ത്രപൂർവ്വം ചെറിയാനെ പറ്റിച്ച് കിഡ്നി എടുത്ത ചേട്ടത്തിയോടും ചേട്ടനോടുമുള്ള വെറുപ്പും മനസ്സിൽ കൂടിവന്നു. അതിനു പുറമേ, തന്നിൽനിന്നും ആ രഹസ്യം മറച്ചുവയ്ക്കണമെന്നു നിർബ്ബന്ധിച്ച ചേട്ടത്തിയോടു തനിക്കു ക്ഷമിക്കാനായില്ല. ക്രമേണ രണ്ടു കുടുംബങ്ങളും തമ്മിൽ അകന്നു തുടങ്ങി.

അങ്ങനെയിരിക്കെ ചേട്ടത്തിയുടെ നിർബ്ബന്ധത്തെ തുടർന്ന് ചേട്ടൻ രണ്ടുപേരുടെയും അതിർത്തി വേലികെട്ടി മറച്ചു. അടുത്ത വർഷം തങ്ങളുടെ വസ്തുവിൽ നിന്ന ഒരു പെയർമരത്തിന്റെ കായ്കൾ അവരുടെ പറമ്പിലേക്കു വീഴുന്നതുകൊണ്ട് ആ മരം വെട്ടിക്കളയണമെന്നു പറഞ്ഞത് ചെറിയാൻ കൂട്ടാക്കിയില്ല. അതിൽ പ്രതിഷേധിച്ച് അവർ സിറ്റിയിൽ പരാതി കൊടുത്തു. അവിടെനിന്നും നോട്ടീസ് കിട്ടിയപ്പോൾ ചെറിയാൻ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. താമസിയാതെ തന്നെ അതിന്റെ കൊമ്പുകൾ വെട്ടിനീക്കി. പിന്നീടൊരിക്കൽ തങ്ങളുടെ പറമ്പിലെ മഴവെള്ളം അവരുടെ പറമ്പിലേക്കൊഴുകുന്നു എന്നു കാണിച്ച് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ‘ഡ്രൈവെൽ’ വയ്ക്കേണ്ടിവന്നു. പിന്നെ അന്യോന്യം പല കാര്യങ്ങൾക്കും കോടതി കയറിയിറങ്ങി. അതിരുവഴക്കിന് അമേരിക്കയിലുള്ള മലയാളികളിൽ ആദ്യമായിട്ടായിരിക്കും ഒരാൾ കോടതിയിൽ പോകുന്നത്. ഒരിക്കൽ വീടിനു മുമ്പിലുള്ള പുല്ലു വെട്ടുന്നതിനെ ചൊല്ലിയുള്ള തർക്കത്തിന് സിറ്റിയിൽനിന്നും സർവ്വേയർ വന്ന് അതിരു നിശ്ചയിക്കുന്ന സർവേകല്ലിന്റെ സ്ഥാനംപോലും പരിശോധിക്കയുണ്ടായി. വീടുകൾ അടുത്തടുത്തായിരുന്നുവെങ്കിലും സഹോദരകുടുംബങ്ങൾ തമ്മിൽ ഭൂഖണ്ഡങ്ങളുടെ അകലമുണ്ട്. തങ്ങളുടെ വീടു വിറ്റു മാറിത്താമസിക്കാൻ പലപ്പോഴും ആലോചിച്ചെങ്കിലും നടന്നില്ല. കൂട്ടിയിടിച്ചാൽപോലും മിണ്ടാത്ത രണ്ടു സഹോദരകുടുംബങ്ങൾ അടുത്തടുത്തായി മൂന്നു ദശാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു. എന്നിട്ടിപ്പോൾ ചെറിയാൻ കോവിഡായിട്ട് ആശുപത്രിയിൽ അഡ്മിറ്റായിക്കഴിഞ്ഞ് വിവരം തെരക്കാൻ വന്നിരിക്കുന്നു! രണ്ടു വീട്ടിലെയും മക്കൾ തമ്മിൽപോലും സംസാരിക്കാൻ അനുവാദമില്ല.

എങ്കിലും കുറെ നാളായി ചെറിയാന് മനസ്സിൽ വല്ലാത്ത വിഷമമുണ്ട്. ചേട്ടനോടു മിണ്ടിയാൽ പ്രതികരണം എന്തായിരിക്കുമെന്നു ഭയന്ന് വേണ്ടെന്നുവച്ചു എന്നു മാത്രം.

വൈകിട്ട് ഡ്യൂട്ടി കഴിഞ്ഞ് അപ്പനെ സന്ദർശിച്ചതിനു ശേഷമാണ് ഷീല വീട്ടിൽ എത്തിയത്. അമ്മയോടു കാര്യങ്ങൾ വിശദമായി സംസാരിച്ചു. അപ്പനെ ഐ.സി.യുവിൽ സന്ദർശിച്ചപ്പോൾ ഡോക്ടർ കെവിനും കൂടെയുണ്ടായിരുന്നു. ഡാഡിക്കു കാര്യമായ മറ്റ് ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ കുഴപ്പമൊന്നുമില്ലെന്നായിരുന്നു ഡോക്ടർമാരുടെ അഭിപ്രായം. രണ്ടു ദിവസംകൂടി കഴിഞ്ഞാൽ വീട്ടിൽ പോകാമായിരിക്കുമത്രേ.

രണ്ടു ദിവസങ്ങൾ കൂടി കഴിഞ്ഞു ഇന്നോ നാളെയോ ഡാഡി വീട്ടിൽ വരുമെന്നു സന്തോഷിച്ചിരുന്ന ഷീലയുടെ ഫോൺ ശബ്ദിച്ചു. അവൾ ഫോണെടുത്തു. കെവിനാണു വിളിക്കുന്നത്. കെവിന്റെ ശബ്ദത്തിലെ അമ്പരപ്പ് ഷീലയുടെ ഹൃദയമിടിപ്പു കൂട്ടി.

‘അമ്മയെയും കൂട്ടി ഷീല എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തണം’ എന്നു മാത്രം പറഞ്ഞ് കെവിൻ ഫോൺ വച്ചു. എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്നറിയാനായി ഷീല വീണ്ടും വീണ്ടും കെവിനെയും വാർഡിലേക്കുമൊക്കെ വിളിച്ചെങ്കിലും ആരും ഫോണെടുത്തില്ല. അമ്മയെയും കൂട്ടി ഷീല ആശുപത്രിയിലേക്കു പാഞ്ഞു. ലീലാമ്മ ഒന്നും മിണ്ടാനാകാതെ മുൻപിലത്തെ സീറ്റിൽതന്നെ ചാരിയിരിക്കയാണ്.

ഐ.സി.യുവിന്റെ കവാടത്തിൽ തന്നെ ഡോക്ടർ കെവിൻ നിൽക്കുന്നുണ്ടായിരുന്നു.

“എന്തു പറ്റി കെവിൻ? എന്താണുണ്ടായത്? ഷീല ചോദിച്ചു.

“പോസ്റ്റ് കോവിഡ് ഫിനോമിനൻ, കാർഡിയാക് അറസ്റ്റ്. എല്ലാവരും കാര്യമായി ശ്രമിച്ചു. പക്ഷേ, രക്ഷിക്കാനായില്ല.”

പുറകോട്ടു മറിഞ്ഞുവീണ ലീലാമ്മയെ മറ്റു നേഴ്സുമാർ താങ്ങിപ്പിടിച്ച് അടുത്തു കിടന്ന കസേരയിൽ ഇരുത്തി.

ഷീലയ്ക്ക് തല ചുറ്റുന്നതായി തോന്നി. ഡാഡി തങ്ങളെ വിട്ടുപോയിരിക്കുന്നു! ചുറ്റും ഹോസ്പിറ്റൽ കെട്ടിടം കറങ്ങുന്നതായി അനുഭവപ്പെടുന്നു.

ഷീലയുടെ മുഖം വിളറിവെളുത്തു. ഡോക്ടർ കെവിൻ ഷീലയെ ചേർത്തു പിടിച്ചു, "ഇറ്റ്സ് ഗോഡ്സ് ഡിസിഷൻ!"

കോവിഡ് പ്രോട്ടോകോൾ പ്രകാരം ബന്ധുക്കളിൽ ഒരാളെ മാത്രമേ മൃതശരീരം കാണിക്കയുള്ളു. എങ്കിലും ഷീല ജോലിചെയ്യുന്ന ആശുപത്രി എന്ന പരിഗണന വച്ച് ആ വാർഡിന്റെ ചുമതലയുള്ള ഡോക്ടർ ഷീലയ്ക്കും അമ്മയ്ക്കും പ്രവേശനം അനുവദിച്ചു. അധികൃതർ നൽകിയ സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചുകൊണ്ട് സുരക്ഷാകവചമണിഞ്ഞ് അവർ ചെറിയാനെ അവസാനമായി കണ്ടു. മൃതശരീരം മണിക്കൂറുകൾക്കകം അവിടെ നിന്നും നീക്കം ചെയ്തു.

ഉച്ചയ്ക്കുശേഷം ഡോക്ടർ കെവിൻ അവധിയെടുത്തു. ഷീലയെയും അമ്മയെയും കൂട്ടി അവരുടെ വണ്ടി ഓടിച്ച് കെവിനാണ് അവരെ വീട്ടിലെത്തിച്ചത്. എന്തു ചെയ്യണമെന്നറിയാതെ ഷീലയും അമ്മയും സോഫാ യിൽ ചാരിക്കിടന്നു. അവരുടെ സൂര്യൻ അസ്തമിച്ചിരിക്കുന്നു. ചക്രവാളം ഇരുണ്ടിരുന്നു. അവരുടെ കണ്ണുകൾ തുറന്നാലും അടച്ചാലും മുമ്പിൽ ഇരുട്ടു മാത്രം.

"ഇങ്ങനെ ഇരുന്നാൽ മാത്രം പോരല്ലോ. ഇനി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കിടക്കുന്നു! ഫ്യൂണറൽ ഹോംകാരെ വിളിക്കണം സെമിത്തേരി കണ്ടുപിടിക്കണം. ബറിയൽ അറേഞ്ച്മെന്റ് എല്ലാം ചെയ്യണം. ഒത്തിരി വർക്കുണ്ട്. ഒരുകാര്യം ഞാൻ പറയാം. ഷീലയെ കുറച്ചു നാളത്തെ പരിചയമേ എനിക്കുള്ളു. എന്നിരു ന്നാലും ഇങ്ങനെയുള്ള അവസരങ്ങളിൽ സഹായിക്കാനില്ലെങ്കിൽ പിന്നെയെന്താണു മനുഷ്യത്വം? ഏതാ വശ്യത്തിനും ഞാൻ കൂടെയുണ്ടാവും. ധൈര്യമായിരിക്കുക. ദൈവത്തിന്റെ തീരുമാനം അതായിരുന്നു. നമുക്കതു മാറ്റാനാവില്ലല്ലോ!" കെവിൻ ധൈര്യം പകർന്നു.

"മോനെ ദൈവം അനുഗ്രഹിക്കട്ടെ." ലീലാമ്മ വിതുമ്പിക്കൊണ്ടു പറഞ്ഞു.

ഏതാനും മിനിറ്റുകളിൽ ഒന്നോ രണ്ടോ അടുത്ത സുഹൃത്തുക്കൾ അങ്ങോട്ടു വന്നു. കെവിൻ സോഫായി ലിരുന്ന് ഫ്യൂണറൽഹോമിനെ വിളിക്കുകയായിരുന്നു.

പെട്ടെന്നാണതു സംഭവിച്ചത്. വേലിക്കപ്പുറത്തുനിന്നും ചാക്കോച്ചൻ അലറിക്കരഞ്ഞുകൊണ്ട് വാതിൽ തള്ളിത്തുറന്ന് ലിവിംഗ്റൂമിലേക്കോടിക്കയറി.

"എന്റെ ചെറിയാച്ചൻ പോയോ?" ചാക്കോച്ചൻ നെഞ്ചത്തടിക്കുന്നുണ്ടായിരുന്നു. ചാക്കോച്ചനു പുറകേ അദ്ദേഹത്തിന്റെ ഭാര്യ ത്രേസ്യാമ്മയും അകത്തേക്കു കയറി. ഇവർ ആരാണെന്നുപോലും അറിയാതെ ഡോക്ടർ കെവിൻ അവിടെ സ്തബ്ധനായിരുന്നു. ലീലാമ്മയും ഷീലയും ഒന്നും മിണ്ടിയില്ല.

"എന്റെ മോളേ..." ത്രേസ്യാമ്മ ഷീലയെ കെട്ടിപ്പിടിച്ചു.

ലീലാമ്മ അവരെ നോക്കിയിരുന്നു. 28 വർഷങ്ങൾക്കു മുമ്പ് ഷീലമോളുണ്ടായപ്പോൾ പിണക്കമെല്ലാം മാറ്റിവെച്ച് ചെറിയാച്ചൻ ചാക്കോച്ചനെ വിളിച്ചു സന്തോഷവാർത്ത അറിയിച്ചു. പക്ഷേ, അപ്പോൾ ത്രേസ്യാമ്മ പറഞ്ഞത്, "അതിലെന്താ ഇത്ര വലിയ കാര്യം? പന്നിക്കും കുഞ്ഞുങ്ങളുണ്ടാകുന്നില്ലേ? എന്നായിരുന്നു.

പക്ഷേ, ഇപ്പോൾ ലീലാമ്മയുടെ മനസ്സിൽ ചെറിയാന്റെ ചിരിക്കുന്ന മുഖം മാത്രമേ ഉണ്ടായിരുന്നുള്ളു. അവരുടെ കവിളിൽകൂടി ഒഴുകിയ കണ്ണുനീർ സോഫയെ നനച്ചു.

ഡോക്ടർ കെവിന്റെ ദ്രുതഗതിയിലുള്ള പ്രവർത്തനം മൂലം മൃതദേഹം താമസിയാതെ തന്നെ ഫ്യൂണറൽ ഹോംകാർക്കു വിട്ടുകൊടുത്തു. എന്നിട്ടും ഏതാണ്ട് ഏഴു ദിവസമെടുത്തു സെമിത്തേരിയിൽ ശവസംസ്കാര ത്തിനുള്ള അനുവാദം ലഭിക്കുവാൻ. ചാക്കോച്ചൻ പിണക്കമെല്ലാം മറന്നു സഹകരിക്കുന്നുണ്ടായിരുന്നെങ്കിലും ലീലാമ്മയും ഷീലയും ഒന്നും സംസാരിച്ചില്ല. കെവിൻ എല്ലാറ്റിനും മുൻപിൽതന്നെയുണ്ടായിരുന്നു. ചാക്കോച്ചൻ സ്വയം ശപിച്ചുകൊണ്ട് എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നെങ്കിലും അദ്ദേഹത്തോട് മാസ്ക് ധരിക്കുന്നതു നിർബ്ബന്ധമാണെന്ന് ഡോക്ടർ കെവിൻ ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ ആ ദിവസം വന്നെത്തി. പൈൻലോൺ കാത്തലിക് സെമിത്തേരിയിൽ ചെറിയാച്ചന് അന്ത്യ വിശ്രമം കൊള്ളാനുള്ള സ്ഥലം തയ്യാറായി. രാവിലെ 9 മണിയായിരുന്നു ശവസംസ്കാരത്തിന് സെമി ത്തേരി അധികൃതർ അനുവദിച്ച സമയം. 8 മണി കഴിഞ്ഞപ്പോൾ തന്നെ ലീലാമ്മയും ഷീലയും ഡോക്ടർ കെവിന്റെ കാറിൽ അവിടെയെത്തി. ചടങ്ങിൽ സംബന്ധിക്കുന്നവർ ആകെ പത്തുപേരിൽ കൂടുതലുണ്ടാ കാൻ പാടില്ലെന്നു സെമിത്തേരിയുടെ വക്താവ് നേരത്തേ അറിയിച്ചിരുന്നതിനാൽ വളരെയടുത്തവരെപ്പോലും ഒഴിവാക്കിയിരുന്നു. എന്നാൽ അവരെ അമ്പരപ്പിച്ചുകൊണ്ട് ചാക്കോച്ചൻ അവിടെ കാത്തു നിൽപ്പുണ്ടായിരുന്നു.

കൃത്യം 9 മണിക്കുതന്നെ മൃതദേഹം വഹിച്ചുകൊണ്ടുള്ള ഫ്യൂണറൽഹോമിന്റെ വാഹനം സെമിത്തേരി യിൽ എത്തി. അവരുടെ ജോലിക്കാരായ നാലു പേർ ചേർന്ന് പേടകം അടക്കം ചെയ്യാൻ തയ്യാറാക്കി യിരുന്ന കുഴിയിലേക്കിറക്കി. ചെറിയാച്ചന്റെ കുടുംബാംഗങ്ങളെയും മറ്റുള്ളവരെയുമെല്ലാം ഏതാണ്ട് 100 അടി അകലെ നിർത്തിയാണ് മൃതദേഹം അടക്കം ചെയ്തത്. പുരോഹിതൻ അവരുടെ ഇടയിൽ നിന്ന് ഒരു പുസ്തകത്തിൽ നോക്കി എന്തൊക്കെയോ ചൊല്ലുന്നുണ്ടായിരുന്നു. മൃതദേഹത്തിനടുത്തേക്കു വരാനോ പെട്ടി തുറന്നു കാണിക്കാനോ അനുവാദമില്ലാതിരുന്നതുകൊണ്ട് ലീലാമ്മയ്ക്കു തന്റെ ഭർത്താവിനെയോ ഷീലയ്ക്കു തന്റെ പിതാവിനെയോ ഒരു നോക്കുകൂടി കാണാനായില്ല. അവരുടെ കണ്ണീർ വറ്റിയ കണ്ണു കളിൽ സെമിത്തേരിയിലെ രംഗങ്ങൾ മൂടൽമഞ്ഞിലെന്നപോലെ അവ്യക്തമായപ്പോൾ ചാക്കോച്ചന്റെ മനസ്സിൽ ചെറിയാച്ചൻ താണ്ടിയ ജീവിതയാത്രയുടെ ഏടുകൾ ഒരോന്നായി വർഷങ്ങൾക്കു പുറകോട്ടു പായുകയാ യിരുന്നു.

എന്തിനായിരുന്നു സഹോദരങ്ങൾ തമ്മിലുള്ള ഈ വഴക്ക്? എത്രയോ വർഷങ്ങളുടെ അന്യതയാണ് ഊഷ്മളമാകേണ്ടിയിരുന്ന സ്നേഹബന്ധങ്ങൾക്കു വിഘ്നമായത്! ഒടുവിൽ എന്തു നേടി? താൻ ചെയ്തു കൂട്ടിയ പ്രവൃത്തികൾക്കു അനുജനോടു മാപ്പിരക്കുവാനുള്ള സമയംപോലും ദൈവമേ നീ എനിക്കു തന്നില്ലല്ലോ. തന്റെ മനസ്സിൽ കൂടിയിരുന്ന അഹന്തയുടെ കരിങ്കല്ലുകൾ പൊളിച്ചുമാറ്റാൻ ഒരു കൊറോണാ വൈറസ് വേണ്ടിവന്നല്ലോ! മോനേ ഇനിയൊരു ജന്മമുണ്ടെങ്കിൽ നീ എന്റെ അനുജനായിത്തന്നെ ജനിക്കണം. എനിക്കു മാപ്പിരക്കുവാൻ വേണ്ടി മാത്രം. അനുജാ മാപ്പ്!

ചാക്കോച്ചൻ ചുറ്റും നോക്കി. മൺമറഞ്ഞവരുടെ പ്രതീകമായി ഉയർന്നു നിൽക്കുന്ന നൂറുകണക്കിനു ശിലകൾ. ആ ശിലകളുടെ അടിയിൽ ഉറങ്ങിക്കിടക്കുന്നവർക്ക് എന്തെല്ലാം കഥകൾ പറയുവാനുണ്ടാവും? ജീവിതത്തിൽ പൂർത്തീകരിക്കാൻ കഴിയാതെപോയ എത്രയോ അദ്ധ്യായങ്ങൾ അവരുടെ ഏടുകളിൽ ഉണ്ടാവും! ജീവിതയാത്ര എപ്പോൾ അവസാനിക്കുമെന്ന് ആർക്കും പറയാനാവില്ല. ചിലപ്പോൾ അടുത്ത നിമിഷം! പിന്നെ എന്തിനാണ് സഹജീവികളെ ചവുട്ടിയരച്ചും അവഗണിച്ചും കൂടുതൽ കൂടുതൽ വെട്ടിപ്പിടിക്കാൻ ഓടുന്നത്? അല്പം ക്ഷമിക്കുവാനുള്ള മനസ്സ് തനിക്കും ഭാര്യയ്ക്കുമുണ്ടായിരുന്നെങ്കിൽ ഏതാണ്ട് മൂന്നു പതിറ്റാണ്ടു നീണ്ട ഈ വൈരം നിലനിൽക്കുമായിരുന്നോ? ത്രേസ്യാമ്മ ചേർത്തുപിടിച്ചു നിർത്തിയിരുന്ന ചാക്കോച്ചന്റെ കവിളിൽക്കൂടി കണ്ണുനീർ ധാരയായി ഒഴുകി.

മതപരമായ ചടങ്ങുകൾക്ക് 15 മിനിട്ടു മാത്രമേ സെമിത്തേരിയിൽ അനുവദിച്ചിട്ടുണ്ടായിരുന്നുള്ളൂ. തുടർന്ന് അവിടെ നിൽക്കാൻ ആർക്കും അനുവാദമില്ലായിരുന്നു. ലീലാമ്മയെയും ഷീലയെയും കൂട്ടി കെവിൻ കാറിലേക്കു നടന്നപ്പോൾ ചാക്കോച്ചൻ ചെറിയാച്ചന്റെ കുഴിമാടത്തിലേക്കു നോക്കി ഉറക്കെ വിളിച്ചു പറഞ്ഞു, “അനുജാ മാപ്പ്!”

ആ ശബ്ദം മേഘങ്ങളിൽ പ്രതിധ്വനിച്ചെന്നവണ്ണം മഴ പതുക്കെ ചാറാൻ തുടങ്ങി.